# SSLC PRE - MODEL EXAMINATION
# SOCIAL SCIENCE

Maximum Score: 80 Time: 21/2 Hours

നിർദ്ദേശങ്ങൾ

1. പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസിലാക്കുന്നതിന് ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിനു ശേഷം മാത്രം ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സമയം സ്കോർ എന്നിവ പരിഗണിക്കണം
4. PART-A യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. PART-B യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

## PART-A

1.സാമൂതിരിയുടെ നാവിക പടയുടെ തലവൻ ആരായിരുന്നു? (1)

2.ദേശീയ ഉപഭോക്തൃ ദിനം എന്നാണ്? (1)

3.സുഭാ ഷ് ചന്ദ്രബോ സ് രൂപീ കരി ച്ച രാ ഷ്ട്രീയപാർട്ടി ഏതാണ്? (1)

4.ഇന്ത്യയിൽആദ്യത്തെ സാമൂഹ്യശാസ്ത്രപഠന വകുപ്പ് ആരംഭിച്ചത് എവിടെ? (1)

5.നികുതിക്കുമേൽ ചുമത്തുന്ന അധികനികുതി ഏതാണ്? (1)

6. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിതകലാപമായ ആറ്റിങ്ങൽ കലാപത്തിലേക്ക് നയിച്ച സാഹചര്യം വിശദമാക്കുക. (3)

7.സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ ഏതെല്ലാം ? (3)

8.സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ ഉപയോഗപ്പെടുത്തുമ്പോഴും ഉപഭോക്താവ് പ്രതീക്ഷിക്കുന്നത് എന്തെല്ലാമാണ് ? (3)

9.കുടുംബം പൗരബോധരൂപീകരണത്തിൽ വഹിക്കുന്ന പങ്കെന്ത് ? വിശദീകരി ക്കുക ( 3)

10.കേരളത്തിൽ നടന്ന കാർഷിക കലാപങ്ങളെ കുറിച്ച്  കുറിപ്പെഴുതുക ? (3)

11.മൗണ്ട്ബാറ്റൻ പദ്ധതിയുടെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാം ? (4)

12.ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തരപർവതമേഖല എത്രമാത്രം പങ്കുവഹിക്കുന്നു? വിശദീകരിക്കുക. (4)

13.ഇന്ത്യയിൽ നെൽ കൃഷിക്ക് അനുയോജ്യമായ ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ ഏവ? (4)

14.ഹിമാചലിനെക്കുറിച്ച് കുറിപ്പ് തയ്യറാക്കുക. (4)

15 ഇന്ത്യയുടെ ഭൂപടത്തിൽ താഴെ പറയുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുക (4)

a – ആരവല്ലി b- കാവേരി നദി c- ഛോട്ടാനാഗ്പൂർ പീഠഭൂമി d-ഹാൽഡിയ

PART-B

16. a)പൊതു ഭരണത്തിന്റെ പ്രാധാന്യമെന്ത്? (4)

അല്ലെങ്കിൽ

b)ഒരു രാഷ്ട്രത്തിനു ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാം?

17a)ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? (4)

അല്ലെങ്കിൽ

b)രാഷ്ട്രത്തിന് നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ ഉണ്ട്.അവ ഏതെല്ലാം?

18.a)ബ്രിട്ടീഷ് ചൂഷണത്തിനെതിരെ വയനാട്ടിൽ നടന്ന കുറിച്യ കലാപത്തെക്കുറിച്ച് ഒരു  കുറിപ്പ് തയ്യാറാക്കുക? (3)

അല്ലെങ്കിൽ

b)സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികളിൽ ഒന്നായിരുന്നു അഭയാർത്ഥിപ്രവാഹം. മറ്റു വെല്ലുവിളികൾ ഏവ?

19.a)ആരോഗ്യ പരിപാലനത്തിനുള്ള സൗകര്യങ്ങൾ പട്ടികപ്പെടുത്തുക (4)

അല്ലെങ്കിൽ

b)വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഏതെല്ലാം?

20.a)1986 ലെ ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവെച്ച ഏതെങ്കിലും മൂന്നു നിർദ്ദേശങ്ങൾ എഴുതുക? (3)

അല്ലെങ്കിൽ

b) വാണിജ്യവൽക്കരണം കേരളത്തിലെ കാർഷിക മേഖലയിൽ വരുത്തിയ ഏതെങ്കിലും മൂന്നു മാറ്റങ്ങൾ സൂചിപ്പിക്കുക.

21.a)ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം ? (4)

അല്ലെങ്കിൽ

b) ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക.

22.a)മാനവ വിഭവ ശേഷി വികസനത്തിന്റെ വിവിധതലങ്ങൾ വിശദമാക്കുക. (4)

അല്ലെങ്കിൽ

ഭാരതീയ റിസർവ്വ് ബാങ്കിന്റെ ധർമ്മങ്ങൾ എന്തെല്ലാം?

23.a)ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും കോറിയോലിസ് പ്രഭാവത്തിനുള്ള വ്യത്യാസം എന്തെന്ന് കുറിക്കുക. (3)

അല്ലെങ്കിൽ

b) സമരാത്രദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്നാലെന്ത്?

24.a)കടൽക്കാറ്റും കരക്കാറ്റും എപ്രകാരമാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് (5)

അല്ലെങ്കിൽ

b)സൂര്യന്റെ അയനം മൂലമുണ്ടാകുന്ന ഋതുക്കളെ കുറിച്ച് വിവരിക്കുക.

25.a)മധ്യ വർഗ്ഗത്തിന്റെ അസംതൃപ്തി ഫ്രഞ്ച് വിപ്ലവത്തിന് കാരണമായത് എങ്ങനെയെന്ന് ഫ്രാൻസിലെ സാമൂഹിക പശ്ചാത്തലം വിശകലനം ചെയ്തുകൊണ്ട് വിലയിരുത്തുക. (6)

അല്ലെങ്കിൽ

b)രണ്ടാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ എവ?

( Hints.. വേഴ്സായി സന്ധി, സൈനിക സഖ്യങ്ങൾ, സർവരാഷ്ട്ര സഖ്യം, ഫാഷിസം/നാസിസം, പ്രീണന നയം)

